"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ശ്രീ. എ. ഷാജഹാൻ ഐ.എ.എസ്(Rtd) - ന് 10 -ദിവസത്തെ ആർജ്ജിതാവധി പണമാക്കൽ സൗകര്യം (Earned Leave Surrender) അനുവദിച്ച 15.11.2022 - ലെ സ.ഉ (സാധാ ) നമ്പർ 2814/2022/തസ്വഭവ സർക്കാർ ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.234/2025/LSGD തീയതി,തിരുവനന്തപുരം, 23-01-2025

---

പരാമർശം:- 1. സ.ഉ (സാധാ ) നമ്പർ 2814/2022/തസ്വഭവ തീയതി 15.11.2022

2. അക്കൗണ്ടന്റ് ജനറൽ(A&E),തിരുവനന്തപുരം -ത്തിന്റെ, 27.03.2023- ലെ GE15/A/A.J/Re-emp- നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറായി നിലവിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. എ.ഷാജഹാൻ ഐ.എ.എസ് (Rtd) മുൻ സേവന കാലയളവിൽ പരമാവധി പരിധിയായ 60 ദിവസത്തെ ആർജ്ജിതാവധി പണമാക്കൽ സൗകര്യം (Earned Leave Surrender) ഉപയോഗപ്പെടുത്തിയിട്ടുള്ളതിനാൽ തിരഞ്ഞെടുപ്പ് കമ്മീഷണറായതിന് ശേഷം 10 ദിവസത്തെ Earned Leave Surrender അനുവദിച്ച് പുറപ്പെടുവിച്ച പരാമർശം - 1 സർക്കാർ ഉത്തരവ് പുന:പരിശോധിക്കണമെന്ന് പരാമർശം - 2 പ്രകാരം പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ അഭ്യർഥിച്ചിരുന്നു

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു .

State Election Commissions (Conditions of Service ) Rules, 1993 ലെ ചട്ടം 5 പ്രകാരം

5. Leave.--(1) A person who, immediately before the date of assuming office as the State Election Commissioner was in service of the State or Central Government, may be granted during his tenure of office, but not thereafter, leave in accordance with the rules for the time being applicable to the service to which he belonged before such date.

(2) Any other person who is appointed as the State Election Commissioner may be granted leave in accordance with such rules as are for the time being applicable to officers belonging to All India Services serving under the State Government including those in relation to Leave Travel Concession.

Service-ൽ നിന്നും നിയമിതനാകുന്ന സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷണർക്കും അല്ലാതെ നിയമിതനാകുന്ന സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷണർക്കും എപ്രകാരമാണ് ലീവ് അനുവദിക്കേണ്ടതെന്ന് ചട്ടത്തിൽ തന്നെ നിഷ്കർഷിച്ചിട്ടുള്ളതാണ്. ആയതിനാൽ ശ്രീ. എ. ഷാജഹാൻ ഐ.എ.എസ് ന്റെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറായുള്ള നിയമനം പുതിയ നിയമനമായി കണക്കാക്കി ലീവ് അനുവദിക്കാൻ സാധിക്കുകയില്ല . സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷണറായി നിയമിതനായ ശ്രീ. ഷാജഹാൻ IAS(Rtd) - ന്,All India Service - ൽ ആയിരുന്നപ്പോൾ LTC യുമായി ബന്ധപ്പെട്ട് en cash ചെയ്യാവുന്ന പരമാവധി Earned Leave ആയ 60 - ദിവസവും അനുവദിച്ചിട്ടുണ്ടെന്ന് അക്കൗണ്ടന്റ് ജനറൽ അറിയിച്ച സാഹചര്യത്തിൽ ടിയാന് 10 ദിവസത്തെ Earned Leave Surrender അനുവദിച്ച പരാമർശത്തിലെ സർക്കാർ ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി
സ്പെഷ്യൽ സെക്രട്ടറി

ശ്രീ.എ.ഷാജഹാൻ ഐ.എ.എസ്(Rtd), സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ.

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

അക്കാണ്ടന്റ് ജനറൽ (A&E/ ഓഡിറ്റ്), തിരുവനന്തപുരം.

ധനകാര്യ (വികസന) വകുപ്പ് (2460981/DEV-1/95/2023-FIN).

നിയമ (ഒപ്പീനിയൻ-ഡി) വകുപ്പ് (OPN-D3/170/2024-LAW).

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (ADV-B2/124/2024-PandARD).

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ [LSGD- EM2/63/2023-LSGD].

ഉത്തരവിൻ പ്രകാരം
Signed by
Ajith Kumar K A
Date: 23-01-2025 16:47:03
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ് ന്.

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎ യ്ക്ക്.

സ്പെഷ്യൽ സെക്രട്ടറിയുടെ പിഎ യ്ക്ക്.